# ARCHDIOCESAN NEWS BULLETTINE

**LATIN ARCHDIOCESE OF TRIVANDRUM**

*Archbishop's House, Vellayambalam, Trivandrum - 695 003*

No: AI-09/2009/02 Dated: 28.07.2009

## I. കോർപ്പറേറ്റ് മാനേജരുടെ ഓഫീസിൽ നിന്ന്

1. വലിയതുറ, പേട്ട ഫെറോനകളിൽ വിദ്യാഭ്യാസ ആനിമേറ്റർമാരായി പ്രവർത്തിക്കുന്നതിന് താല്പര്യമുള്ള യുവതിയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഇടവക വികാരി സാക്ഷ്യപ്പെടുത്തിയ അപേക്ഷ, ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ ശരിപകർപ്പ് എന്നിവ സഹിതം **ഡയറക്ടർ, വിദ്യാഭ്യാസ ശുശ്രൂഷ, സമന്വയ, ആർച്ച് ബിഷപ്സ് ഹൗസ് കോമ്പൗണ്ട്, വെള്ളയമ്പലം, തിരുവനന്തപുരം - 695 003** എന്ന വിലാസത്തിൽ 07.08.2009-നകം എത്തിക്കേണ്ടതാണ്.

   **യോഗ്യത**

   1. ഡിഗ്രി
   2. അവതരണ, നേതൃത്വ പാടവം
   3. പ്രവർത്തിപരിചയം

   ബി.എഡ്., റ്റി.റ്റി.സി. യോഗ്യത നേടിയവർക്ക് മുൻഗണന.

   **വേതനം** - റ്റി. എ. ഉൾപ്പടെ 2,950/- രൂപ

2. തിരുവനന്തപുരം അതിരൂപതയുടെ കീഴിൽ മേനംകുളത്ത് പ്രവർത്തിക്കുന്ന St. Jacob's Training College-ൽ (സ്വാശ്രയം) ബി.എഡ്. കോഴ്സിന് (2009-2010) മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്ന തിയതി ദീർഘിപ്പിച്ചിരിക്കുന്നു.

   Optionals - Mathematics, Malayalam, Natural Science, Physical Science, Social Science and English

   അപേക്ഷ ഫോറം വെള്ളയമ്പലത്തുള്ള കോർപ്പറേറ്റ് മാനേജരുടെ ഓഫീസിൽ നിന്നും / സെന്റ് ജേക്കബ്സ് ട്രെയിനിംഗ് കോളേജിൽ നിന്നും ലഭിക്കുന്നതാണ്. അച്ചന്റെ ഇടവകയിൽ നിന്നും താൽപര്യമുള്ള കുട്ടികളെ അപേക്ഷ സമർപ്പിക്കാൻ പ്രേരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. യുവപ്രതിഭകളെ കണ്ടെത്തുന്നതിനായി 2010 മെയ് മാസത്തിൽ എൻ.സി.ഇ.ആർ.ടി. നടത്തുന്ന നാഷണൽ ടാലന്റ് സെർച്ച് പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള സംസ്ഥാനതല തിരഞ്ഞെടുപ്പ് പരീക്ഷ 2009 നവംബർ എട്ടിന് നടക്കും. ദേശീയതലത്തിൽ വിജയികളാകുന്ന 1000 വിദ്യാർത്ഥികൾക്ക് പി.ജി., പി.എച്.ഡി. വരെയുള്ള ഉപരിപഠനത്തിന് സ്കോളർഷിപ്പുകൾ ലഭിക്കും. ഇതിൽ 225 എണ്ണം പട്ടികജാതി/വർഗകാർക്ക് വേണ്ടിയും 30 എണ്ണം അംഗവൈകല്യമുള്ളവർക്കായും നീക്കിവച്ചിരിക്കുന്നു.

   സംസ്ഥാനത്തെ ഏതെങ്കിലും ഗവൺമെന്റ് / എയ്ഡഡ് / അംഗീകൃത സ്കൂളുകളിലോ കേന്ദ്രീയ നവോദയ വിദ്യാലയങ്ങളിലോ 2009-2010 അദ്ധ്യായനവർഷം എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഏഴാം ക്ലാസ്സിലെ വർഷാവസാന പരീക്ഷയിൽ ഭാഷേതര വിഷയങ്ങൾക്ക് **C+ ഗ്രേഡിൽ (50–59%)** കുറയാതെ മാർക്ക് നേടിയിട്ടുള്ളവരായിരിക്കണം അപേക്ഷകർ.

അപേക്ഷ ഫോറമും വിശദവിവരങ്ങളും www.scert.kerala.gov.in, www.itschool.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്ന് download ചെയ്യാം. മാതൃകാ ഫോം അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ, ബന്ധപ്പെട്ട രേഖകൾ പരീക്ഷ ഫീസായ 100/- രൂപ സഹിതം (പട്ടികജാതി / വർഗം / ദാരിദ്ര്യരേഖയ്ക്ക് താഴെ - ബി.പി.എൽ- എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ഫീസില്ല) പഠിക്കുന്ന സ്കൂളിൽ സമർപ്പിക്കുകയും ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ സ്കൂൾ മേധാവി ആമുഖ കത്തോടുകൂടി (പരീക്ഷ ഫീസ് എസ്.സി.ഇ.ആർ.ടി.ക്ക്, എസ്.ബി.റ്റി. സർവ്വീസ് ബ്രാഞ്ച്, തിരുവനന്തപുരത്ത് മാറ്റാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി നൽകണം) 2009 ആഗസ്റ്റ് 30-ന് മുമ്പായി കിട്ടത്തക്കവണ്ണം ലെയിസൺ ഓഫീസർ, എൻ.റ്റി.എസ്. പരീക്ഷ, സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി), പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ അയക്കണം.

വിശദവിവരങ്ങൾ ചുവടെക്കുറിക്കുന്ന വെബ്സൈറ്റുകളിൽ ലഭ്യമാണ്.

1. **www.ncert.nic.in**
2. **www.scert.keralagov.in**
3. **www.itschool.gov.in**

കൂടാതെ 27.07.2009-ലെ മാതൃഭൂമി പത്രത്തിലെ വിദ്യാഭ്യാസ പേജ് കാണുക.

4. അതിരൂപതയിലെ വിദ്യാഭ്യാസ ശുശ്രൂഷ ഓഫീസിലെ പ്രവർത്തകർക്കും, ഫെറോന ആനിമേറ്റേഴ്സിനും ആഗസ്റ്റ് മാസം 18, 19 (ചൊവ്വ, ബുധൻ) തിയതികളിൽ ഒരു പഠനകളരി സംഘടിപ്പിച്ചിരിക്കുന്നതിനാൽ ഈ ദിവസങ്ങളിൽ അതിരൂപത വിദ്യാഭ്യാസ ഓഫീസ് പ്രവർത്തിക്കുന്നതല്ല.

ഫാ. യൂജിൻ പെരേര
കോ-ഓർഡിനേറ്റർ

***This is computer generated letter and hence it does not require any signature.***